# ഭൂമി/കോളനി/ചെങ്ങറ
## ചില വിചാരങ്ങൾ

എംആർ. രേണുകുമാർ

**കോളനികൾ** ഒരു അരിക് ജീവിതത്തെയാണ് എപ്പോഴും വെളിപ്പെടുത്തുന്നത്. എല്ലാ അർത്ഥത്തിലും എല്ലാത്തിന്റെയും പുറമ്പോക്കിൽ ആയിരിക്കുക എന്നത് കോളനികളുടെ തലവരയായി മാറിയിട്ടുണ്ട്. നമ്മുടെ സാമൂഹിക സാംസ്കാരിക ജീവിതത്തിൽ പ്രതിസ്ഥാനത്താണ് കോളനി എന്ന വാക്ക് ഇടംകണ്ടെത്തുന്നത്. കഴിയുമെങ്കിൽ നമ്മൾ കോളനിയിലെ പെണ്ണ്, ചെറുക്കൻ, കോളനിയിലേക്കുള്ള വഴി, വണ്ടി തുടങ്ങിയവ ജീവിതത്തിൽനിന്നും ഒഴിവാക്കാറുണ്ട്. ഒരു ശ്മശാനമോ മാലിന്യ നിർമാർജന കേന്ദ്രമോ ഉണ്ടാക്കണമെങ്കിൽ നമ്മൾ ആദ്യം പരിഗണന കൊടുക്കുക കോളനികൾക്കാകും. ആരെയേലും കൊന്നിട്ടോ ബലാൽകാരം ചെയ്തിട്ടോ ഒളിച്ചിരിക്കാൻ കോളനികളോളം പറ്റിയ ഇടങ്ങൾ വേറെയില്ല. ഒരു 11 കെ.വി. ലൈനോ ടിപ്പറിനോ കോളനിയുടെ നെഞ്ചത്തുകൂടെ കടന്നുപോകാൻ ആരോടും ചോദിക്കേണ്ടതില്ല. ഒരു ജെസിബിക്ക് എപ്പോൾ വേണമെങ്കിലും കോളിനിയിലെ വീടുകൾ മാന്തിയെടുത്ത് വികസനത്തിന്റെ പാതയൊരുക്കാം. ഡാമുകളുടെയോ ഫാക്ടറികളുടേയോ ഫ്ളാറ്റുകളുടേയോ നിർമാണത്തിനായി അവരെ വേരോടെ പിഴുതെറിയാം. എപ്പോൾ വേണമെങ്കിലും പുനരധിവസിപ്പിക്കാം. നിരുപാധികം ഇറക്കിവിടാം. ഭരണകൂടം അവരെ പൂർണമനുഷ്യരായോ മൗലികാവകാശങ്ങൾ ഉള്ളവരായോ അംഗീകരിക്കുന്നില്ല എന്നതാണ് ഇതൊക്കെ തെളിയിക്കുന്നത്.

കോളനിയിലെ പെണ്ണിനെ
ആർക്കും കയറിപ്പിടിക്കാം
കോളനിയിലെ ചെറുക്കനെ
ആർക്കും തല്ലാം, കള്ളനെന്ന്
മുദ്രയടിക്കാം.
ഉറക്കെ സംസാരിക്കുന്നവരെ
കോളനിക്കാരോട് ഉപമിക്കാം
കോളനിയിലെ കുട്ടികളെ
മുറുക്കാൻ വാങ്ങാനോ
ബീഡിവാങ്ങാനോ
കടയിലേക്ക് പറഞ്ഞുവിടാം
ചോദിക്കാനും പറയാനും
ആരുമില്ലല്ലോ?

ഇനിയാരെങ്കിലും എന്തെങ്കിലും ചോദിക്കുകയോ പറയുകയോ ചെയ്താലോ, അതോടെ സംഗതിയാകെ കുഴപ്പമായി. കോളനിയിലെ സമാധാനാന്തരീക്ഷം തകർന്നു. സാമൂഹ്യസന്തുലിതാവസ്ഥ താറുമാറായി. അല്ലെങ്കിലും ഇവന്മാരൊന്നും നന്നാകുകേല. നന്ദികെട്ട വകകള് നാലക്ഷരം പഠിച്ചതിന്റെ അഹങ്കാരമാണ്. പത്രത്താളുകൾ മുതൽ കവലകളിലെ കൊച്ചുവർത്തമാനങ്ങൾവരെ ഈവിധം അഭിപ്രായം രൂപീകരിക്കുകയായി. ബുദ്ധിജീവികൾ മുതൽ സാധാരണക്കാർ വരെ സാമൂഹിക അന്തരീക്ഷം അലോസരപ്പെട്ടതിന് ഇരകളുടെ ഭാഗത്ത് കുഴപ്പങ്ങൾ കണ്ടെത്തുകയായി. രാത്രിനേരത്ത് കൂടെപോയതുകൊണ്ടല്ലേ കേറിപ്പിടിച്ചത്. പെമ്പിള്ളാരായാ കുറച്ച് അടക്കോം ഒതുക്കോം ഒക്കെവേണം. അല്ലെങ്കിൽ ചെലപ്പോ ആരും കോളനിവാസികൾക്കെതിരായി സംഘടിത നീക്കങ്ങൾ നടത്തുന്നത് കൊണ്ടല്ലാ ഈവിധം അഭിപ്രായം ഉണ്ടാകുന്നത്. അവ വളരെ സ്വാഭാവികമായാണ് ഉണ്ടാകുന്നത്. സമൂഹത്തിന്റെ ഭാവുകത്വത്തിൽ ഉറച്ചുപോയ ഒരു സ്വാഭാവിക വിധ്വംസകത എന്നു വേണമെങ്കിലും അതിനെ വിശേഷിപ്പിക്കാം. അതിലധികം പേരും അലേസരപ്പെടുന്നില്ലാതാനും.

നമ്മുടെ നാട്ടിലെ കോളനികളിൽ ഈ വിധം ഞെങ്ങിഞെരുങ്ങിയും തമ്മിലടിച്ചും ഇകഴ്ത്തപ്പെട്ടും പീഡിപ്പിക്കപ്പെട്ടും കഴിയുന്നവരിൽ മഹാഭൂരിപക്ഷവും ചില സവിശേഷ സാമൂഹ്യവിഭാഗത്തിൽപ്പെടുന്നവരാണ്. ഇങ്ങിനെ ഒരു തിരിച്ചറിവുണ്ടാകുമ്പോഴാണ് വികസനത്തിലെയും പരിഷ്കരണങ്ങളിലെയും ഫണ്ട് വിനിയോഗങ്ങളിലെയുമൊക്കെ സാമൂഹ്യപക്ഷപാതിത്വങ്ങൾ വെളിപ്പെടുന്നത്. കേരളത്തിലെ കോളനികളിലെ ബഹുഭൂരി

**ആരെയേലും കൊന്നിട്ടോ ബലാൽകാരം ചെയ്തിട്ടോ ഒളിച്ചിരിക്കാൻ കോളനികളോളം പറ്റിയ ഇടങ്ങൾ വേറെയില്ല. ഒരു 11 കെവി ലൈനോ ടിപ്പറിനോ കോളനിയുടെ നെഞ്ചത്തുകൂടെ കടന്നുപോകാൻ ആരോടും ചോദിക്കേണ്ടതില്ല. ഒരു ജെസിബിക്ക് എപ്പോൾ വേണമെങ്കിലും കോളിനിയിലെ വീടുകൾ മാന്തിയെടുക്ക് വികസനത്തിന്റെ പാതയൊരുക്കാം. ഡാമുകളുടെയോ ഫാക്ടറികളുടേയോ ഫ്ളാറ്റുകളുടേയോ നിർമാണത്തിനായി അവരെ വേരോടെ പിഴുതെറിയാം. എപ്പോൾ വേണമെങ്കിലും പുനരധിവസിപ്പിക്കാം.**

പക്ഷം നിവാസികളും ദളിതരോ ദളിത് ക്രിസ്ത്യാനികളോ മറ്റു പ്രാന്തവത്കൃത ജനവിഭാഗങ്ങളോ ആണ്. ഭരണകൂടത്തിന്റെ ഒരു സാമാന്യവിചാരം ഇവർക്കായി ഞങ്ങൾ എന്തൊക്കെയോ ചെയ്യുന്നു. എന്നിട്ടും തീരുന്നില്ലല്ലോ ആവലാതികൾ എന്നാണ്. ഇടതുപക്ഷസമൂഹം കൊട്ടിഘോഷിക്കുന്ന ഭൂപരിഷ്കരണമാണ് ദളിതരെ കോളനികളിലെ മൂന്നുസെന്റിൽ കുറ്റിതറച്ച് കെട്ടിയിട്ടതെന്ന യാഥാർത്ഥ്യം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും തങ്ങളെന്തോ മഹത്തായ കാര്യം ചെയ്ത മട്ടാണ് ഇടതർക്ക്.

ഒന്നുമില്ലാതിരുന്നവന്
കേറിക്കിടക്കാനിടം തന്നില്ലേ
കൂലികൂടുതൽ വാങ്ങിച്ചുതന്നില്ലേ
അവിടെ കഞ്ഞിവെച്ച് കുടിച്ച്
'ജാത്താ' യിൽ പങ്കെടുത്താൽ
പോരെ
എന്നാണ് അവരിപ്പോഴും
വിചാരിക്കുന്നത്.

ദളിതരെ മൂന്ന്സെന്റിൽ കുരുക്കിയപ്പോൾ വിചിത്രമായ നിയമങ്ങളിലൂടെയും തന്ത്രങ്ങളിലൂടെയും ഉപരി/മധ്യമ ജാതികൾ കൈവശംവെച്ചിരുന്ന തോട്ടഭൂമിയുടെയും ഇതരഭൂമിയുടെയും ഉടമസ്ഥാവകാശം നിയമാനുസൃതമാക്കുകയായിരുന്നു ഭൂപരിഷ്കരണം. ഭൂപരിഷ്കരണം ഒരു മരമാണെങ്കിൽ ആ മരത്തിലെ മുഴുത്തഫലങ്ങൾ കിട്ടിയത് ഉപരി/മധ്യമ ജാതികൾക്കായിരുന്നു. കിളിപ്പാതികൾകൊണ്ടും മിച്ചങ്ങൾകൊണ്ടും ഒരു ജീവിതം സാധ്യമില്ലെന്നതിന്റെ തെളിവുകൾ എത്രവേണമെങ്കിലും കേരളത്തിലുണ്ട്. ദളിത് കോളനികൾ വിഭിന്നമായൊരു കേരളത്തെയാണ് അടയാളപ്പെടുത്തുന്നത്. വിഭിന്നവും സവിശേഷവുമാണ് അവരുടെ പ്രശ്നങ്ങൾ. അതുകൊണ്ടാണ് ദളിതർമാത്രം ഇപ്പോഴും കേരളത്തിൽ സമരം ചെയ്യുന്നത്. ദളിതരും ഇതരഭൂരഹിത സമാഹികവിഭാഗങ്ങളും സമാന സാമൂഹ്യ അവസ്ഥയുള്ളവരും നക്കാപ്പിച്ചകൾക്കുവേണ്ടിയല്ല സമരം ചെയ്യുന്നത്. സ്വന്തം അഭിപ്രായങ്ങളും ചിന്തകളും വാക്കുകളുമുള്ള ആത്മാഭിമാനികളായി മാറുമ്പോൾ അവർക്ക് ദേശീയ സ്വത്തുടമസ്ഥതയിൽ പങ്കാളിത്തം വേണമെന്ന് തോന്നുന്നത് സ്വാഭാവികം. ഇത്തരം ഒരു സ്വയം കണ്ടെത്തലിന്റെയും നിർണയത്തിന്റെയും ഭാഗമായിട്ടാണ് പുതിയ കാലത്തിൽ



ദളിതർ വിവിധങ്ങളായ വിഭവങ്ങളുടെ ഉടമസ്ഥതക്കും നിയന്ത്രണത്തിനുമായി വാദങ്ങളുന്നയിക്കുകയും സിദ്ധാന്തങ്ങൾ പടുക്കുകയും പ്രതിരോധങ്ങൾ തീർക്കുകയും പുതിയ സമരമാർഗങ്ങൾ തേടുകയും ചെയ്യുന്നത്. വിഭവങ്ങളുടെ കേന്ദ്രം ഭൂമിയായ സ്ഥിതിക്ക് അതിനുവേണ്ടിയുള്ള സമരങ്ങൾ കേരളത്തിൽ സ്വന്തംനിലയിൽ ദളിതർ ആവിഷ്കരിച്ചുതുടങ്ങുന്നത് 80കളോടെയാണ്.

സവിശേഷമായ ഒരു സാമൂഹിക പ്രശ്നം എന്ന നിലക്ക് ഈ പ്രശ്നത്തെ കേരളത്തിന്റെ ശ്രദ്ധയിൽ ആദ്യം കൊണ്ടുവരുന്നത് ആദിവാസി പ്രസ്ഥാനങ്ങളാണ്. 70കൾ മുതൽക്കെങ്കിലും കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിൽ ആദിവാസി ഭൂപ്രശ്നം അടയാളപ്പെടുത്തേണ്ട ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സികെ. ജാനുവിന്റെ രംഗപ്രവേശനവും തുടർന്നുണ്ടായ കുടിലുകെട്ടൽ, മുത്തങ്ങപോലെയുള്ള സമരങ്ങൾ പ്രശ്നത്തെ ആഗോളതലത്തിൽതന്നെ പ്രസക്തമാക്കുകയുണ്ടായി. പ്രസ്തുതസമരത്തിലൊക്കെ ദളിതരുടെ സാന്നിധ്യം നിർണായകമായിരുന്നെങ്കിലും ആദിവാസികളുടേതിൽനിന്നും ഭിന്നമായ രീതിയിൽ ഭൂപ്രശ്നം ദളിതർ ഉയർത്തുന്നത് പിന്നീടാണ്. കോളനികളിൽനിന്ന് കൃഷിഭൂമിയിലേക്ക് എന്നൊരു മുദ്രാവാക്യമാണ് ദളിതർ ഇതിനായി തിരഞ്ഞെടുത്തത്.

ഭൂമിക്കുവേണ്ടിയുള്ള ദളിതരുടെ സമരങ്ങൾ വിശാലാർത്ഥത്തിൽ കേരളത്തിനകത്തും പുറത്തും ശ്രദ്ധേയമാകുന്നത് പ്രായോഗികതലത്തിലേക്ക് വളർന്നതും ചെങ്ങറ ഭൂസമരത്തോടുകൂടിയാണ്. സമൂഹ്യനീതിക്കും ആത്മാഭിമാനത്തിനുംവേണ്ടി ദളിതർ സ്വന്തം നിലയിൽ നടത്തിയിട്ടുള്ള (നടത്തിവരുന്ന) സമരങ്ങളിൽ സവിശേഷസ്ഥാനമാണ് ചെങ്ങറ ഭൂസമരത്തിനുള്ളത്. പരാജയപ്പെട്ടതെന്നും ചിതറിപ്പോയതെന്നും ഒട്ടേറെപ്പേർ വിലയിരുത്തിയിട്ടുള്ള നിരവധി സമരങ്ങളിൽ നാം ചെങ്ങറയുടെ മുഴക്കംകേട്ടതാണ്. ചെങ്ങറയിൽ സമരം ചെയ്യുന്നവർ കയറിക്കിടക്കാൻ 3സെന്റ് ഭൂമിക്കുവേണ്ടിയല്ല സമരം ചെയ്യുന്നത് കൃഷിചെയ്യാൻ ആവശ്യമായ ഭൂമിക്കുവേണ്ടിയാണ്. ഒരു കുടുംബത്തിന് കുറഞ്ഞത് ഒരേക്കർഭൂമിയും കൃഷിക്കുള്ള സാമ്പത്തികസഹായവും അവർ ആവശ്യപ്പെടുന്നു. ചെങ്ങറയിൽ ഭൂസമരം ദളിതരുടെ മുൻകയ്യിലാണെങ്കിലും ഭൂമിയില്ലാത്ത സമാന ജാതി സമൂഹങ്ങളും അക്കൂട്ടത്തിലുണ്ട്. പുരോഗമന സർക്കാർ എന്ന് മേനിനടിക്കുന്ന ഇടതുഭരണകൂടത്തിന്റെ പ്രതിലോമകരവും വിധ്വംസകവുമായ നിലപാടുകളെ ചെങ്ങറ സമരം തുറന്നെതിർക്കുന്നു. തിരിച്ചു ചെല്ലാൻ ഇടമില്ലാത്തവരാകയാൽ സമരം വിജയിപ്പിക്കേണ്ടത് എല്ലാ ജനാധിപത്യവാദികളുടെയും ധാർമിക ഉത്തരവാദിത്വമാണ്. ചെങ്ങറയിൽ ഇപ്പോൾ നടക്കുന്നത് സമരം മാത്രമല്ല, ജീവിതം കൂടിയാണ്. സാമൂഹ്യ സന്തുലനത്തിനുവേണ്ടിയുള്ള ശ്രമമെന്ന നിലയിൽ ചെങ്ങറകൾ ആവർത്തിക്കേണ്ടതുണ്ട്.

*ചെമ്പരത്തി, ശ്രീകണ്ഠമംഗലം പിഒ,*
*കോട്ടയം.*